നമ്പർ:A4-20827/2017

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തിയതി:12/05/2017.

സാമൂഹ്യനീതി ഡയറക്ടർ
വികാസ്ഭവൻ,
തിരുവനന്തപുരം.

എല്ലാ ജില്ലാ ഓഫീസർമാർക്കും
(പത്തനംത്തിട്ട,കോട്ടയം,ഇടുക്കി ഒഴികെ)
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
(തിരുവനന്തപുരം,കൊല്ലം,കോട്ടയം,ഏറണാകുളം,തൃശ്ശൂർ,മലപ്പുറം ഒഴികേ)

സർ,

വിഷയം:സാമൂഹ്യനീതി ഡയറക്ടറേറ്റ്- പ്രതിദിന ചെലവ് വിവരം –ഡി.ഒ.ആർ.ഇ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച്.
സൂചന: ഈ കാര്യാലയത്തിലെ 28.04.2017 ലെ എ4-17436/17 നമ്പർ പരിപത്രം.

2017-18 സാമ്പത്തിക വർഷത്തെ ഏപ്രിൽ മാസത്തെ താങ്കളുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കേണ്ടിയിരുന്ന ഡി.ഒ.ആർ.ഇ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നാളിത് വരെ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. ഏപ്രിൽ മാസത്തെ സർട്ടിഫിക്കറ്റ് മെയ് മാസം 5 ആം പ്രവർത്തി ദിനത്തിന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ കഴിഞ്ഞ സാമ്പത്തിക വർഷവും സൂചന പ്രകാരവും ആവശ്യപ്പെട്ടിരുന്നു. ഈ കാര്യാലയത്തിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടും ഇവയൊന്നും താങ്കൾ പാലിക്കുന്നതായി കാണുന്നില്ല. ആയതിനാൽ 2 ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (foswd@gmail.com) ഇ മെയിൽ മുഖാന്തിരമോ തപാൽ വഴിയോ ലഭ്യമാക്കേണ്ടതാണ്. നാളിത് വരെ ലഭ്യമാക്കാതിരുന്നതിനുള്ള വിശദീകരണം കൂടി ലഭ്യമാക്കേണ്ടതാണ്.

തുടർന്നുള്ള മാസങ്ങളിൽ ഏതെങ്കിലും ജില്ലയിലെ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കാതെവന്നാൽ ബന്ധപ്പെട്ട ഓഫീസർമാർ ഈ കാര്യാലയത്തിലെ സീനിയർ ഫിനാൻസ് ഓഫീസർ മുൻപാകെ നേരിട്ട് ഹാജരായി വിശദീകരണം നൽകേണ്ടി വരും എന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതിഡയറക്ടർക്ക് വേണ്ടി